# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 886 30.06.2015 - ൽ മറുപടിക്ക്

## മണലൂർ നിയോജകമണ്ഡലത്തിലെ കുടിവെള്ള പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പി.എ.മാധവൻ | പി ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | മണലൂർ നിയോജകമണ്ഡലത്തിൽ ജലവിഭവവകുപ്പ് കഴിഞ്ഞ നാല് വർഷമായി നടപ്പിലാക്കുന്ന കുടിവെള്ള പദ്ധതികൾ ഏതെല്ലാം; | (എ) | മണലൂർ നിയോജക മണ്ഡലത്തിൽ രണ്ടു കുടിവെള്ള പദ്ധതികളാണ് നടപ്പിലാക്കി വരുന്നത്.<br><br>1. മണലൂർ - കാരമുക്ക് വില്ലേജ് കുടിവെള്ള പദ്ധതി.<br>2. വെങ്കിടങ്ങിനും സമീപ വില്ലേജുകൾക്കും വേണ്ടിയുള്ള കുടിവെള്ള പദ്ധതി. |
| (ബി) | ഇതിൽ ഏതെല്ലാം പൂർത്തീകരിച്ചുവെന്നും മറ്റുള്ളവ നിർവ്വഹണത്തിന്റെ ഏതു ഘട്ടങ്ങളിലാണെന്നും അറിയിക്കാമോ; | (ബി) | മണലൂർ - കാരമുക്ക് വില്ലേജ് കുടിവെള്ള പദ്ധതി - ഈ പദ്ധതി പൂർത്തീകരിച്ച് 21/04/2015-ൽ കമ്മീഷൻ ചെയ്തു.<br><br>വെങ്കിടങ്ങിനും സമീപ വില്ലേജുകൾക്കും വേണ്ടിയുള്ള കുടിവെള്ള പദ്ധതി - ഈ പദ്ധതിയുടെ എല്ലാ ഘടകങ്ങളും പൂർത്തീകരിച്ചിട്ടുണ്ട്. വിതരണശൃംഖലയിലെ പൈപ്പുകളിലെ ചാർജ്ജിംഗ് പ്രവൃത്തികൾ പൂർത്തീകരണഘട്ടത്തിലുമാണ്. ട്രാൻസ്ഫോർമർ സ്ഥാപിക്കുന്ന പ്രവൃത്തി കൂടി പൂർത്തീകരിച്ച് 30/06/2015-ൽ പദ്ധതി കമ്മീഷൻ ചെയ്യുന്നതാണ്. |
| (സി) | മണലൂർ നിയോജകമണ്ഡലത്തിലെ പാവറട്ടി, മുല്ലശ്ശേരി പഞ്ചായത്തുകൾക്കായുള്ള പാവറട്ടി കുടിവെള്ള പദ്ധതിയ്ക്ക് അംഗീകാരം നൽകാൻ അടിയന്തിര നടപടി സ്വീകരിക്കുമോ? | (സി) | പാവറട്ടി, മുല്ലശ്ശേരി പഞ്ചായത്തുകൾക്കുള്ള കുടിവെള്ള പദ്ധതിയുടെ സർവ്വേ ജോലികൾ പൂർത്തിയാക്കി ഭരണാനുമതി ലഭിക്കുന്നതിനായിട്ടുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ